# ഓൺലൈൻ പഠനം - ഒരു നേർക്കാഴ്ച

കൊറോണ എന്ന മഹാമാരി കാരണം നഷ്ടമായ നമ്മുടെ സ്കൂൾ ദിനങ്ങളെ അതിന്റെ തനിമ ഒട്ടും ചോർന്നുപോകാതെ നൽകുവാൻ ഓൺലൈൻ വിദ്യാഭ്യാസം ശ്രമിക്കുന്നുണ്ട്. ഒരു പരിധി വരെ അത് വിജയവുമാണ്. എന്നാൽ കൂട്ടുകാരോടൊപ്പം ഓടിച്ചാടി കളിക്കാനും പഠിക്കാനുള്ള സാഹചര്യം ഓൺലൈൻ വിദ്യാഭ്യാസത്തിലൂടെ നഷ്ടമാകുന്നു. ക്ലാസുകൾ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് എപ്പോൾ വേണമെങ്കിലും എത്ര പ്രാവശ്യം വേണമെങ്കിലും കാണുവാൻ ഇതിലൂടെ സാധിക്കുന്നു. കൂടാതെ വീട്ടുകാർ എല്ലാം തന്നെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറുന്നു. എന്റെ അച്ഛനും അമ്മയും ചേച്ചിയും എന്റെ പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. എന്റെ അച്ഛൻ ക്വാറന്റൈനിൽ ആയിരുന്നതിനാൽ എനിക്ക് കുറച്ചുകാലം എന്റെ അമ്മ വീട്ടിൽ കഴിയേണ്ടിവന്നു. എന്നാൽ എന്റെ ക്ലാസുകൾ ഒന്നും തന്നെ നഷ്ടമാകാതെ കാണാൻ സാധിച്ചത് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ മേന്മ തന്നെയാണ്. ഈ മഹാമാരിയുടെ അലകൾ എത്രയും പെട്ടെന്ന് കെട്ടടങ്ങി, എന്റെ കൂട്ടുകാരെയും ഗുരുനാഥന്മാരെയും കാണാനും അവരോടൊപ്പം കളിക്കാനും പഠിക്കാനും സാധിക്കണമേയെന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.





അശ്വിൻ കൃഷ്ണ